# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ആനന്ദമില്ലാത്ത വിശ്വാസിയായിരിക്കുക എന്നത് വളരെ ദുഃഖകരമാണ്: പാപ്പ



സിദ്ധാന്തങ്ങൾ  ഒരിക്കലും ക്രൈസ്തവന് ആനന്ദം നൽകുന്നില്ല. മറിച്ച് ഒരു നാൾ താൻ ദൈവത്തിൽ എത്തിച്ചേരും എന്ന ദൃഢമായ വിശ്വാസവും പ്രത്യാശയുമാണ് ക്രൈസ്തവന് ആനന്ദം നൽകുന്നതെന്ന് പാപ്പ പറയുന്നു. കാസ്സാ സാന്താ മാർത്തയിലെ ദിവ്യബലിയിൽ സംസാരിക്കുകയായിരുന്ന ഫ്രാൻസീസ് പാപ്പാ.

"സൈദ്ധാന്തികൾ ഇക്കാര്യം വേണ്ടവിധത്തിൽ മനസ്സിലാക്കിയില്ല. വാഗ്ദാനത്തി ന്റെയും പ്രത്യാശയുടെയും സമാഗമത്തിന്റെയും ആനന്ദം എന്താണെന്ന് മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. പ്രത്യാശയിൽനിന്നും ഉണ്ടാകുന്ന ആനന്ദം എന്താണെന്ന് തിരിച്ചറിയാനുള്ള ബോധം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ പിതാവായ എബ്രാഹം ആഹ്ളാദഭരിതനായിരുന്നു. കാരണം അബ്രാഹത്തിന് വിശ്വാസ മുണ്ടായി രുന്നു. ആ വിശ്വാസത്തിൽ ന്യായീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എന്നാൽ മറ്റുള്ളവർക്ക് ഈ വിശ്വാസം നഷ്ടപ്പെട്ടിരുന്നു. അവർ വെറും നിയമസൈദ്ധാന്തികർ മാത്രമായിരുന്നു. എന്നാൽ അവർക്ക് സിദ്ധാന്തങ്ങളും നഷ്ടപ്പെട്ടിരുന്നു. കാരണം എല്ലാ സിദ്ധാന്തങ്ങളുടെയും കേന്ദ്രം സ്നേഹമാണ്. ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹം." പാപ്പാ വിശദീകരിച്ചു.

പാപ്പാ തുടർന്നു."നിയമസൈദ്ധാന്തികർക്ക് ഉപദേശങ്ങൾ നൽകാൻ കൃത്യമായ രീതികൾ ഉണ്ടായിരുന്നു. എന്നിട്ടും എല്ലാ ദിവസവും അവരുടെ ഈ ഉപദേശങ്ങൾ ആരെയും സ്പർശിക്കാതെ കടന്നുപോയി. സുവിശേഷത്തിന്റെ ആനന്ദമായിരിക്കണം  ഒരു വ്യക്തിയുടെ വിശ്വാസത്തിന്റെ മൂലക്കല്ല്. ഈ ആനന്ദമില്ലാത്ത വ്യക്തിക്ക് ഒരിക്കലും യഥാർത്ഥവിശ്വാസി ആയിരിക്കാൻ കഴിയില്ല. ദൈവത്തെ ഒരു ദിവസം കണ്ടുമുട്ടാൻ കഴിയും എന്ന പ്രത്യാശയാൽ ഉണ്ടായ സന്തോഷമായിരുന്നു അബ്രാഹത്തിന്റേത്. ഇതുപോലെ ഒരു ദിവസം അവിടുത്തെ കാണാൻ കഴിയും എന്ന പ്രത്യാശ ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണ്. ഈ പ്രത്യാശയിൽ നിന്നുണ്ടാകുന്ന ആനന്ദമാണ് ഒരുവനെ യഥാർത്ഥവിശ്വാസിയാക്കിത്തീർക്കുന്നത്." പാപ്പാ ഉപസംഹരിച്ചു.